# ക്ലാസ് - 8 ( പ്രവൃത്തിപഠനം )

## മാതൃകാ ചോദ്യങ്ങൾ

**ചോദ്യം 1**

**പഠനനേട്ടം 8.1.1** : പോഷകാഹാരം ചെലവ് കുറഞ്ഞ രീതിയിൽ തയ്യാറാക്കുന്നതിനുള്ള ധാരണ നേടുന്നു.

**യൂണിറ്റ് / മേഖല** : ആഹാരവും കൃഷിയും

**ആശയം** : ചുറ്റുപാടുനിന്നുമുള്ള വസ്തുക്കൾ ഉപയോഗിച്ച് വിവിധ തരം വിഭവങ്ങൾ തയാറാക്കാം

**ചിന്താശേഷികൾ** : പട്ടികപ്പെടുത്തൽ, തരംതിരിക്കൽ, അനുയോജ്യമായ ഉപകരണങ്ങൾ തിരിച്ചറിയൽ, വിശദീകരിക്കൽ, നിർമ്മിക്കൽ.

**Q 1** ലഭിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് സലാഡ് നിർമ്മിക്കുക.
(ഭക്ഷ്യവസ്തുക്കൾ സലാഡ് നിർമ്മാണത്തിനായി തയാറാക്കിയാൽമാത്രം മതിയാകും)
(ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഭക്ഷ്യവസ്തുക്കൾ തിരഞ്ഞെടുക്കാനുള്ള അവസരം നൽകാം) സമയം 30 മിനിട്ട് (20)

**Q 2** ഭക്ഷ്യയോഗ്യമായ സലാഡ് നിർമ്മിക്കുവാൻ എന്തൊക്കെയാണ് ആവശ്യമായിട്ടുള്ളത്? (2)

**Q 3** സലാഡ് തയാറാക്കുന്നതെങ്ങനെ?
(സലാഡ് തയാറാക്കുന്ന രീതി ചുരുങ്ങിയ വാക്കുകളിൽ പറയിപ്പിക്കണം) (3)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1**
- ശരിയായ വലിപ്പത്തിൽ വസ്തുക്കൾ മുറിച്ചിട്ടുണ്ട്. 4/3/2/1
- അനുയോജ്യമായ സാമഗ്രികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 4/3/2/1
- ഉപകരണങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നു. 4/3/2/1
- സമയബന്ധിതമായി പ്രവർത്തനം പൂർത്തിയാക്കുന്നു. 4/3/2/1
- വൃത്തിയും വെടിപ്പുംകൂടി പ്രവർത്തനം പൂർത്തിയാക്കുന്നു 4/3/2/1

(ഓരോ സൂചകത്തിനും 4/3/2/1 എന്ന് സ്കോർ നൽകി കുട്ടിയുടെ ടോട്ടൽ സ്കോർ 20 ന് എത്ര എന്ന് രേഖപ്പെടുത്തുക)

**Q 2**
- തൈര്, സവാള, തക്കാളി, വെള്ളരി, പച്ചമുളക്, ഉപ്പ്

**Q 3**
- സലാഡിനാവശ്യമായ വസ്തുക്കൾ കഴുകിവൃത്തിയാക്കിയതിന് ശേഷം കൃത്യ അളവിൽ നുറുക്കി ഒരു പാത്രത്തിൽ (അലുമിനിയപാത്രം ഒഴിവാക്കണം) എടുക്കുന്നു. അതിലേയ്ക്ക് ആവശ്യമായ അളവിൽ തൈരും ഉപ്പും ചേർത്ത് സ്പൂൺകൊണ്ട് ഇളക്കി തയാറാക്കുന്നു.

  (തൈര് ഒഴിവാക്കി പറഞ്ഞാലും ഉത്തരം ശരിതന്നെയാണ്)

| | | |
|---|---|---|
| **നിർദ്ദേശം** | : | പ്രയോഗതലത്തിലുള്ള Q 1 ചോദ്യം ചെറിയ ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഓരോരുത്തർക്കും ചെയ്യുവാനുള്ള അവസരം നൽകേണ്ടതാണ്. പ്രവർത്തനം പൂർത്തീകരിക്കുന്ന ബാച്ചിന്റെ ഉല്പന്ന വിലയിരുത്തൽ നടത്തുന്നതിനോടൊപ്പം വൈജ്ഞാനിക തല ത്തിലുള്ള (Q 2, Q3) ചോദ്യങ്ങൾ വാചികമായി ചോദിച്ച് ഉത്തരം കണ്ടെ ത്തുകയും ഗ്രേഡ്പോയിന്റ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് |

**ചോദ്യം 2**

**യൂണിറ്റ് / മേഖല** : വസ്ത്രം

**പഠനനേട്ടം 8.3.3** : വസ്ത്രങ്ങളിൽ അലങ്കാര തുന്നൽ ചെയ്യുന്നു.

**ആശയം** : വിവിധതരം അലങ്കാരതുന്നലുകൾ

**ചിന്താശേഷികൾ** : ഉചിതമായ ഉപകരണങ്ങൾ തിരിച്ചറിയൽ, ചിത്രീകരിക്കൽ, പ്രയോഗിക്കൽ, രൂപകല്പന ചെയ്യൽ, നിർമ്മിക്കൽ.

**Q 1** കൈലേസിൽ പൂവും രണ്ടിലയും തുന്നിചേർത്ത് മോടി പിടിപ്പിക്കുക.
(പ്രവർത്തനത്തിനാവശ്യമായ വസ്തുക്കൾ കൊണ്ടു വരാനുള്ള നിർദ്ദേശം മുന്നേതന്നെ കുട്ടികൾക്ക് നൽകേണ്ടതാണ്)
(ഭിന്നശേഷിയുള്ള കുട്ടികൾക്ക് കടലാസിൽ പൂവിന്റെയും ഇലകളുടേയും ചിത്രം സ്കെച്ചിട്ട് നൽകുകയും അവരതിൽ കളർ നൽകുകയും ചെയ്താൽ മതിയാകും.
സമയം : 30 മിനിറ്റ് (20)

**Q 2** അലങ്കാരതുന്നൽ / എംബ്രോയിഡറി എത്രതരം, അവ ഏതെല്ലാം? (3)

**Q 3** തണ്ട് തയാറാക്കാൻ ഉപയോഗിക്കുന്ന തയ്യൽ ഏത്?
(സാറ്റിൻ സ്റ്റിച്ച്, ബ്ലാങ്കറ്റ് സ്റ്റിച്ച്, സെറ്റം സ്റ്റിച്ച്, ബട്ടൺ ഹോൾ സ്റ്റിച്ച്) (2)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1**
- പ്രയോഗികശേഷി 4/3/2/1
- ഉപകരണങ്ങൾ കൈകാര്യംചെയ്യൽ 4/3/2/1
- കൃത്യതയും സൂക്ഷ്മതയും 4/3/2/1
- തുടർഉപയോഗസാധ്യത 4/3/2/1
- സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട് 4/3/2/1

(ഓരോ സൂചകത്തിനും 4/3/2/1 എന്നതിൽ അനുയോജ്യമായ സ്കോർ നൽകി ആകെ സ്കോറായ 20 ൽ എത്ര സ്കോർ കുട്ടിക്ക് ലഭിച്ചു എന്ന് രേഖപ്പെടുത്തുക)

**Q 2** • രണ്ട് തരം, (1) ഹാൻഡ് എംബ്രോയിഡറി (2) മെഷീൻ എംബ്രോയിഡറി (3)

**Q 3** • സ്റ്റെം സ്റ്റിച്ച് (2)

| |
|---|
| പ്രായോഗികതലത്തിലുള്ള ചോദ്യം Q1 നിശ്ചിത സമയത്തിനുള്ളിൽ ഓരോ കുട്ടിയേയുംകൊണ്ട് ചെയ്തതിനുശേഷം അറിവിന്റെ തലം പരിശോധിക്കാനായി Q2, Q3 ചോദ്യങ്ങൾ വാചിക മായി ചോദിച്ച് സ്കോർ രേഖപ്പെടുത്തേണ്ടതാണ് |

**ചോദ്യം 3**

**യൂണിറ്റ് / മേഖല** : പാർപ്പിടം

**പഠനനേട്ടം 8. 4. 1** : വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഗൃഹാലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതിന് കഴിയുന്നു.

**ആശയം** : കുറഞ്ഞചിലവിൽ അലങ്കാരവീടുകൾ നിർമ്മിക്കാം.

**ചിന്താശേഷികൾ** : ക്രമീകരിക്കൽ, ഉപകരണങ്ങൾ തിരിച്ചറിയൽ, പ്രയോഗിക്കൽ, മാതൃകരൂപീകരിക്കൽ, രൂപകല്പനനടത്തൽ, നിർമ്മിക്കൽ.

**Q 1** കളർപെൻസിലുകളുടെയും തീപ്പെട്ടികോലുകളുടെയും സഹായത്തോടെ അലങ്കാര വീട് തയാറാക്കുക.
(ഭിന്നശേഷിയുള്ള കുട്ടികൾക്ക് വീടിന്റെ ഔട്ട്‌ലയിൻ വരച്ച് നൽകുക. ഔട്ട്‌ലയിൻ നിറം കൊടുക്കാനുള്ള അവസരം നൽകുക) സമയം : 30 മിനിറ്റ് (25)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1**
- പൂർണതയും കൃത്യതയും 5/4/3/2/1
- ഉപകരണങ്ങളുടെ സൂക്ഷ്മതയോടെയുള്ള ഉപയോഗം 5/4/3/2/1
- ആശയപൂർണത 5/4/3/2/1
- ശരിയായ തിരഞ്ഞെടുക്കൽ 5/4/3/2/1
- സമയബന്ധിതമായ പൂർത്തീകരിക്കൽ 5/4/3/2/1

(ഓരോ സൂചകത്തിനും 5/4/3/2/1 എന്നതിൽ അനുയോജ്യമായ സ്കോർ നൽകി ആകെ സ്കോറായ 25 ൽ എത്ര സ്കോർ കുട്ടിക്ക് ലഭിച്ചു എന്ന് രേഖപ്പെടുത്തുക)

**നിർദ്ദേശം** : വീട് നിർമ്മിക്കാനാവശ്യമായ വസ്തുക്കൾ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം മുപേതന്നെ കുട്ടികൾക്ക് നൽകണം.

മൂല്യനിർണ്ണയസൂചകങ്ങൾവച്ച് വിലയിരുത്തി ആകെസ്കോറിൽ (25) കുട്ടികൾക്ക് കിട്ടിയ സ്കോർ തത്സമയ രേഖപ്പെടുത്തലിലൂടെ പൂർത്തീകരിക്കേണ്ടതാണ്.

## ചോദ്യം 4

**യൂണിറ്റ് / മേഖല** : ആരോഗ്യവും ആരോഗ്യപരിപാലനവും.

**പഠനനേട്ടം 8. 2. 2** : ശുചീകരണ / ആരോഗ്യപ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നു.

**ആശയം** : കുറഞ്ഞചെലവിൽ ഫസ്റ്റ് എയിഡ് ബോക്സ് നിർമ്മിക്കാം.

**ചിന്താശേഷികൾ** : പ്രയോഗിക്കൽ, മാതൃകരൂപീകരിക്കൽ, രൂപകല്പനനടത്തൽ, നിർമ്മിക്കൽ.

### ഘട്ടം 1

**Q 1** A4 പേപ്പർ ഉപയോഗിച്ച് ഫസ്റ്റ് എയിഡ് ബോക്സിന്റെ മാതൃക നിർമ്മിക്കുക.
(കുട്ടികൾക്ക് A4 പേപ്പർ 2 എണ്ണംവീതം വിതരണം ചെയ്യണം. കട്ട് ചെയ്യുന്നതിനാവശ്യമായ കത്രികയും നൽകേണ്ടതാണ്. പശയുടെ ആവശ്യമില്ല. ഫോൾഡിംഗ് ടൈപ്പ് മാതൃകയാണ് തയാറാക്കേണ്ടത്, അടപ്പുള്ള ബോക്സാണ് നിർമ്മിക്കേണ്ടത്) (10)

### ഘട്ടം 2

**Q 2** ഫസ്റ്റ് എയിഡ് ബോക്സിന്റെ പുറത്ത് പതിപ്പിക്കുന്നതിനുള്ളചിഹ്നം (ക്രോസ്സ് ചിഹ്നം വട്ടത്തിനകത്ത് ) തയാറാക്കുക.
(കുട്ടികൾക്കാവശ്യമായ പേപ്പർ (A4 സൈസിന്റെ പകുതി) കത്രിക, കളർ, പശ എന്നിവ വിതരണം ചെയ്യേണ്ടതാണ്) (10)

**Q 3** ഫസ്റ്റ് എയിഡ് ബോക്സിൽ എന്തൊക്കെയാണ് ഉൾപ്പെടുത്തേണ്ടത്? (5)

### മൂല്യനിർണയസൂചകങ്ങൾ

**Q 1**
- പൂർണതയും കൃത്യതയും 3 score
- ഉപയോഗക്ഷമത 3 score
- ആകർഷകത 2 score
- സമയബന്ധിതമായി പൂർത്തീകരിക്കൽ 2 score

**Q 2**
- കൃത്യമായ ക്രോസ്സ് ചിഹ്നം 3 score
- റെഡ്കളർ നൽകിയിട്ടുണ്ട് 2 score
- സർക്കിളിനുള്ളിൽ ചിഹ്നം വരച്ചിട്ടുണ്ട് 3 score
- ഉപകരണങ്ങളുടെ കൈകാര്യം ചെയ്യൽ 2 score

**Q 3**
- Anticeptic loation
- Anticeptic cream
- Bandage
- Bernol
- Iodine
- Soap
- Cotton
- Scissors
- Eyewash solution
- Tweezers

**നിർദ്ദേശം** : കുട്ടികൾക്ക് ബോക്സ് നിർമ്മിക്കുന്നതിനായി A4 സൈസ് പേപ്പർ ആണ് നൽകുന്നത്. A4 പേപ്പറിനെ മടക്കി സമചതുരമാക്കിയാണ് ബോക്സ് നിർമ്മിക്കേണ്ടത്. ബോക്സ് നിർമ്മിക്കുന്നതിന് മുമ്പ് A4 പേപ്പറിനെ സമചതുരത്തിലാക്കാനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

: പ്രായോഗിക പ്രശ്നങ്ങളായ Q1, Q2 എന്നിവ പൂർത്തിയാക്കുന്നമുറയ്ക്ക് വൈജ്ഞാനിക മികവ് തിരിച്ചറിയുന്നതിനുള്ള .. ചോദ്യം കുട്ടിയോട് വാചികമായി ചോദിച്ച് ഗ്രേഡ് രേഖപ്പെടുത്തേണ്ടതാണ്

**ചോദ്യം 5**

**യൂണിറ്റ് / മേഖല** : സേവനം, ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം

**പഠനനേട്ടം 8. 6. 2** : ഉപയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു.

**ആശയം** : ക്ലാസ്സ്മുറിയിൽ ദേശീയപതാക നിർമ്മിക്കാം

**Q 1** കടലാസ്സിലോ തുണിയിലോ അനുയോജ്യമായ നിറം കൊടുത്ത് ദേശീയ പതാക നിർമ്മിക്കുക.
(കടലാസ്സിൽ തയറാക്കുന്നത് കൂടുതൽ പ്രായോഗികം. ഇതിനാവശ്യമായ പേപ്പർ, കത്രിക, നിറങ്ങൾ എന്നിവ വിതരണം ചെയ്യുകയോ, അല്ലെങ്കിൽ കുട്ടികളോട് മുന്നേക്കൂട്ടി കൊണ്ടുവരാനോ വേണ്ടിയുള്ള നിർദ്ദേശം നൽകണം) സമയം : 30 മിനിറ്റ് (20)

**Q 2** ദേശീയപതാകയുടെ നീളവും വീതിയം തമ്മിലുള്ള അനുപാതം എന്ത്? (1)

**Q 3** ദേശീയപതാകയിൽ എത്ര നിറങ്ങളുണ്ട്? ഓരോ നിറത്തിന്റെയും സ്ഥാനവും പ്രസക്തിയുമെന്ത്? (2)

**Q 4** ദേശീയപതാകയിൽ അശോകചക്രത്തിന്റെ സ്ഥാനം എവിടെയാണ്? ഇതിൽ എത്ര ആരകാലുകളുണ്ട്? (2)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1**
- ഉല്പന്നത്തിന്റെ പൂർണ്ണതയും കൃത്യതയും 5/4/3/2/1
- ശരിയായ നിറം തിരഞ്ഞെടുക്കൽ 5/4/3/2/1
- നിറങ്ങളുടെ ശരിയായ സ്ഥാനം 5/4/3/2/1
- ആകർഷണീയത 5/4/3/2/1

**Q 2**
- 3 : 2

**Q 3**
- മൂന്ന്, (1) കുങ്കുമവർണ്ണം (2) വെള്ള (3) പച്ച (പതാകയുടെ മുകളിൽ കുങ്കുമവർണ്ണം നടുക്ക് വെള്ള താഴെ പച്ച)
- കുങ്കുമം - സഹനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകം
- വെള്ള - ശാന്തിയും സമാധാവും
- പച്ച - ഹരിതാഭമായ ഭൂമിയുടെ പ്രതീകം (സമൃദ്ധി)

**Q 4**
- വെള്ളനിറത്തിന് മധ്യത്തിൽ, 24 ആരക്കാലുകൾ

**നിർദ്ദേശം** : പ്രായോഗികപ്രശ്നം Q 1 പത്ത് പേരടങ്ങുന്ന ഓരോ ബാച്ചിനെയും കൊണ്ട് ചെയ്യിച്ചതിനുശേഷം (വ്യക്തിഗതം) (30 മിനിട്ട്) ഉല്പന്നവിലയിരുത്തലിനോടൊപ്പം വൈജ്ഞാനികതലം പരിശോധിക്കുന്ന ചോദ്യങ്ങൾ (Q 2, Q3, Q4)ചോദിച്ച് മൂല്യനിർണ്ണയം നടത്തുകയും ഓരോ കുട്ടിയുടെയും ഗ്രേഡ് രേഖപ്പെടുത്തേണ്ടതുമാണ്. അതേ സമയത്ത് തന്നെ അടുത്ത ബാച്ചിന് പ്രായോഗികപ്രശ്നം നൽകേണ്ടതുമാണ്. ഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് ദേശീയ പതാകയുടെ ഔട്ട്ലൈൻ നൽകുകയും നിറം ചെയ്യുവാനുള്ള അവസരം നൽകുകയും ചെയ്യണം

**ചോദ്യം 6**

| | | |
|---|---|---|
| **യൂണിറ്റ് / മേഖല** | : | 6. വിനോദം (W E) |
| | : | 3. ബഹുഭുജങ്ങൾ (ഗണിതം) |
| **പഠനനേട്ടം 8. 6 .1** | : | ക്ലാസ്സിറൂം പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു. |
| **ആശയം** | : | സമബഹുഭുജങ്ങൾ - എല്ലാ വശങ്ങളും തുല്യമായ ബഹുഭുജങ്ങൾ |
| | : | വൃത്തവും സമബഹുഭുജങ്ങളും |
| | : | വൃത്തകേന്ദ്രത്തിൽ $60^0$ കോണുകൾ വരച്ചാൽ സമഷഡ്ഭുജം വരയ്ക്കാം. |
| **ചിന്താശേഷികൾ** | : | താരതമ്യം ചെയ്യൽ, ചിത്രീകരിക്കൽ, സാമാന്യവൽക്കരിക്കൽ, അനുയോജ്യമായ ഉപകരണങ്ങൾ തിരിച്ചറിയൽ, രൂപകല്പനചെയ്യൽ, നിർമ്മിക്കൽ |

ചിത്രം നോക്കൂ (ചിത്രം ബോർഡിൽ പ്രദർശിപ്പിക്കണം)



- വൃത്തകേന്ദ്രത്തിലെ ഒരു കോൺ $= 72^0$

$\left(\frac{360}{5} = 72\right)$

- വശങ്ങൾ തുല്യം

(വൃത്തത്തിനുള്ളിൽ സമപഞ്ചഭുജം)

**Q 1** മാതൃകാചിത്രത്തിലെപോലെ ഒരു ചാർട്ട്പേപ്പറിൽ ഇഷ്ടമുള്ള ആരത്തിൽ ഒരു വൃത്തം വരച്ച് അതിനുള്ളിൽ ഒരു സമഷഡ്ഭുജം നിർമ്മിക്കുക. അനുയോജ്യമായ നിറങ്ങൾ നൽകി ചിത്രം ആകർഷകമാക്കുക. വൃത്തകേന്ദ്രത്തിലെ ഓരോ കോണിന്റെയും അളവ് എത്രയായിരിക്കും? ചിത്രം വരച്ചശേഷം കോൺ അടയാളപ്പെടുത്തുമല്ലോ. ചിത്രത്തിനു നിറം നൽകുവാൻ കളർപെൻസിൽ, ക്രയോൺ വാക്സ് എന്നിവ ഉപയോഗിക്കാം.

സമയം : 30 മിനിറ്റ് (20)

| | | |
|---|---|---|
| **നിർദ്ദേശം** | : | പ്രയോഗതലത്തിലുള്ള ചോദ്യം ചെറിയഗ്രൂപ്പുകളായി കുട്ടികളെ തിരിച്ച് നിശ്ചിത സമയത്തിനുള്ളിൽ വ്യക്തിഗതമായി ചെയ്യുവാനുള്ള അവസരം നൽകേണ്ടതാണ്. പ്രവർത്തനം നടക്കുന്നതോടൊപ്പം താഴെ കൊടുത്തിരിക്കുന്ന വൈജ്ഞാനികതലത്തിലുള്ള ചോദ്യങ്ങൾ വാചികമായി ചോദിച്ച് ഉത്തരം കണ്ടെത്തുകയും ഗ്രേഡ് പോയിന്റ് / സ്കോർ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. <br> പ്രവർത്തനം പൂർത്തീകരിക്കുന്ന ബാച്ചിന്റെ ഉല്പന്ന വിലയിരുത്തലും നടത്തി സ്കോർ രേഖപ്പെടുത്തേണ്ടതാണ്. |

**വൈജ്ഞാനികതലചോദ്യങ്ങൾ**

**Q 2** സമബഹുഭുജങ്ങളുടെ വശങ്ങൾ തമ്മിലുള്ള ബന്ധമെന്ത്? കോണുകൾ തമ്മിലുള്ള ബന്ധമെന്ത്?

(1)

**Q 3** സമഷഡ്ഭുജം വരയ്ക്കാൻ വൃത്തകേന്ദ്രത്തിലെ കോണുകൾ എത്രവീതമായിരിക്കും?

(2)

**Q 4** വൃത്തത്തിനുള്ളിൽ സമഭുജങ്ങൾ വരയ്ക്കുവാൻ ആവശ്യമായ ഉപകരണങ്ങൾ ഏവ?

(2)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1**
- കൃത്യതയും സൂക്ഷമതയും 4/3/2/1
- ഉപകരണങ്ങൾ കൈകാര്യംചെയ്യൽ 4/3/2/1
- ആശയപൂർണ്ണത 4/3/2/1
- പ്രായോഗികശേഷി 4/3/2/1
- ഉല്പന്നത്തിന്റെ ആകർഷണീയത 4/3/2/1

(ഓരോ സൂചകത്തിനും 4, 3, 2, 1 എന്നതിൽ അനുയോജ്യമായ സ്കോർ നൽകി ആകെ സ്കോർ ആയ 20 ൽ കുട്ടിക്കുലഭിച്ച സ്കോർ രേഖപ്പെടുത്തുക)

**Q 2**
- വശങ്ങളും കോണുകളും തുല്യമായിരിക്കും

**Q 3**
- $60^0$

**Q 4**
- സ്കെയിൽ, കോമ്പസ്, പ്രൊട്രാക്ടർ, പെൻസിൽ

**ചോദ്യം 7**

**യൂണിറ്റ് / മേഖല** : വസ്ത്രം

**പഠനനേട്ടം 8. 3. 2** : വസ്ത്രങ്ങൾക്ക് നിറം കൊടുക്കുവാനും ഫാബ്രിക്പെയിന്റിംഗ് ചെയ്യുന്നതിനും കഴിയുന്നു.

**ആശയം** : വസ്ത്രങ്ങളിൽ വെജിറ്റബിൾ പ്രിന്റിംഗ് ചെയ്ത് മോടിപിടിപ്പിക്കാം.

**ചിന്താശേഷി** : ചിത്രീകരിക്കൽ, ബന്ധംകണ്ടെത്തൽ, പ്രയോഗിക്കൽ, രൂപകല്പനചെയ്യൽ

**Q 1** കർച്ചീഫിൽ വെജിറ്റബിൾ പ്രിന്റിംഗ് നടത്തി മോടിപിടിപ്പിക്കുക.

(പ്രിന്റിംഗിനാവശ്യമായ തുണി (വെള്ളതുണി) ഓരോ കുട്ടിയും കൊണ്ടു വരുവാനുള്ള നിർദ്ദേശം മൂല്യനിർണ്ണയം നടത്തുന്ന ദിവസത്തിനുമുൻപേ നൽകണം. ഓരോ ഡിവിഷനിലേയ്ക്കും ആവശ്യമായ വെജിറ്റബിൾസ്, പെയിന്റ് ബ്രഷ്, സ്പോഞ്ച് എന്നിവ അതാത് ഡിവിഷനിലെ കുട്ടികൾതന്നെ കൊണ്ടുവരണമെന്ന നിർദ്ദേശവും നൽകേണ്ടതാണ്. ഉരുളക്കിഴങ്ങ്, ക്യാരറ്റ്, വെണ്ടയ്ക്ക, സവാള എന്നിവയാണ് വെജിറ്റബിൾ ആയി കരുതേണ്ടത്. സമയം : 30 മിനിറ്റ് (20)

**Q 2** പ്രാഥമികവർണ്ണങ്ങൾ ഏതെല്ലാം? (3)

**Q 3** ഈ നിറങ്ങളെ പ്രാഥമികവർണ്ണങ്ങൾ എന്നുവിളിക്കുന്നതെന്തുകൊണ്ട്? (2)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1**
- പൂർണ്ണതയും കൃത്യതയും 4/3/2/1
- നിറങ്ങളുടെ തിരഞ്ഞെടുക്കൽ 4/3/2/1
- ആകർഷണീയത 4/3/2/1
- പുനരുപയോഗസാധ്യത 4/3/2/1
- സമയബന്ധിതമായി തയാറാക്കുന്നു. 4/3/2/1

(ഓരോ സൂചകത്തിനും 4, 3, 2, 1 എന്നതിൽ അനുയോജ്യമായ സ്കോർ നൽകി ആകെ സ്കോറായ 20 ൽ കുട്ടിയ്ക്ക് ലഭിച്ച സ്കോർ എഴുതുക)

**Q 2**
- ചുമപ്പ്, മഞ്ഞ, നീല

**Q 3**
- ഈ നിറങ്ങൾ പരസ്പരം കലർത്തി മറ്റു നിറങ്ങൾ (ദ്വിതീയവർണങ്ങൾ) ഉണ്ടാക്കുവാൻ കഴിയുന്നതുകൊണ്ട്.

**ചോദ്യം 8**

**യൂണിറ്റ് / മേഖല** : ആരോഗ്യവും ആരോഗ്യപരിപാലനവും

**പഠനനേട്ടം 8. 2. 1** : ശുചീകരണപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അതിൽ പങ്കാളികളാവുന്നതിനും കഴിയുന്നു

**ആശയം** : വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ തയറാക്കാം.

**ചിന്താശേഷി** : ചിത്രീകരിക്കൽ, അനുയോജ്യമായ ഉപകരണങ്ങൾ തിരിച്ചറിയൽ, പ്രയോഗിക്കൽ, യുക്തിപൂർവം സമർത്ഥിക്കൽ, രൂപകല്പന ചെയ്യൽ, നിർമിക്കൽ.

**Q 1** പ്രകൃതിസംരക്ഷണം, ജലസംരക്ഷണം എന്നീ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ട് പ്ലക്കാർഡുകൾ തയാറാക്കുക.
(തന്നിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട മുദ്രാവാക്യങ്ങൾ ആദ്യം കുട്ടികളെകൊണ്ട് തയാറാക്കിക്കണം. അതിന് ശേഷം പ്ലക്കാർഡ് നിർമ്മിച്ച് മുദ്രാവാക്യം അതിൽ ആലേഖനം ചെയ്യാനുള്ള അവസരം നൽകേണ്ടതാണ്) സമയം : 30 മിനിട്ട് (25)

**വിലയിരുത്തൽ സൂചകങ്ങൾ**

**Q 1**
- വിഷയാനുകൂലമായ മുദ്രാവാക്യങ്ങൾ 5/4/3/2/1
- സംക്ഷിപ്തവും വ്യക്തവുമായ വാക്യങ്ങൾ 5/4/3/2/1
- കൃത്യതയും പൂർണ്ണതയും 5/4/3/2/1
- ആകർഷണീയത 5/4/3/2/1
- സമയബന്ധിതമായിപൂർത്തീകരിക്കൽ 5/4/3/2/1

**ചോദ്യം 9**

---

**യൂണിറ്റ് / മേഖല** : വസ്ത്രം

**പഠനനേട്ടം** : 8.3.2. – വസ്ത്രങ്ങൾക്കു നിറം കൊടുക്കുന്നതിനും ഫാബ്രിക് പെയിന്റ് ചെയ്യുന്നതിനും കഴിയുന്നു.

**ആശയം** : സ്റ്റെൻസിൻ കട്ട് ചെയ്ത് വിവിധപാറ്റേണുകൾ നിർമ്മിക്കാൻ കഴിയുന്നു.

**ചിന്താശേഷി** : ചിത്രീകരിക്കൽ, ക്രമീകരിക്കൽ, അനുയോജ്യമായ ഉപകരണങ്ങൾ തിരിച്ചറിയൽ, മാതൃകകൾ രൂപീകരിക്കൽ, നിർമിക്കൽ,

മാതൃകാചിത്രം ബോർഡിൽ പ്രദർശിപ്പിക്കുന്നു.



**പ്രായോഗികപ്രവർത്തനം**

**Q 1** ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ കട്ടിയുള്ള ഒരു പ്ലാസ്റ്റിക് ഷീറ്റിൽ (എക്സ്റേ ഷീറ്റിൽ) ഇഷ്ടമുള്ള ഒരു ചിത്രത്തിന്റെ സ്റ്റെൻസിൽ നിർമിക്കുക.
സമയം : 30 മിനിറ്റ് (20)

**വൈജ്ഞാനികതലചോദ്യങ്ങൾ**

**Q 2** സ്റ്റെൻസിൽ നിർമിക്കാനാവശ്യമായ സാമഗ്രികൾ ഏവ? (2)

**Q 3** സ്റ്റെൻസിൽ നിർമിക്കുമ്പോൾ ചിത്രത്തിന്റെ ഭാഗങ്ങൾ അടർന്നുപോകാതിരിക്കാൻ എന്തു ചെയ്യണം? (3)

| | | |
|---|---|---|
| **നിർദ്ദേശം** | : | പ്രായോഗിക പ്രവർത്തനം ചെയ്യുമ്പോൾതന്നെ വൈജ്ഞാനികതല ചോദ്യങ്ങൾ ചോദിച്ച് വിലയിരുത്തി സ്കോർ രേഖപ്പെടുത്തേണ്ടതാണ്. കുട്ടികളെ ബാച്ചുകളായിതിരിച്ച് പ്രവർത്തനം വ്യക്തിഗതമായി ചെയ്യേണ്ടതാണ്. ഒരു ബാച്ചിന്റെ പ്രവർത്തനവും വിലയിരുത്തലും കഴിഞ്ഞ ശേഷം അടുത്തബാച്ചിന്റെ പ്രവർത്തവും വിലയിരുത്തലും നടത്തണം. |

**മൂല്യനിർണയസൂചകങ്ങൾ**

**Q 1** • പ്രായോഗികശേഷി
- ഉപകരണങ്ങൾ കൈകാര്യംചെയ്യൽ
- ആകർഷകത
- സമയബന്ധിതമായി പൂർത്തീകരിക്കൽ

(ഓരോ സൂചകത്തിലും 4/3/2/1 എന്നതിൽ അനുയോജ്യമായ സ്കോർ നൽകി ആകെ സ്കോർ 20 ൽ എത്ര സ്കോർ ലഭിച്ചു എന്ന് എഴുതുക)

**Q 2** • എക്സ്റേഷീറ്റ്, കത്തി (ബ്ലേഡ് കത്തി)

**Q 3** • ചിത്രങ്ങളുടെ ഇടഭാഗങ്ങൾ പരസ്പരം ബന്ധിക്കാത്ത രീതിയിൽ കട്ട് ചെയ്യണം.

**ചോദ്യം 9**

---

| | | |
|---|---|---|
| **യൂണിറ്റ് / മേഖല** | : | സേവനം |
| **പഠനനേട്ടം 8.6.2** | : | നിത്യജീവിതത്തിൽ ഉപയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു. |
| **ആശയം** | : | ഉപയോഗശൂന്യമെന്ന് കരുതുന്ന വസ്തുക്കളിൽ നിന്നും ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കാം. |
| **ചിന്താശേഷി** | : | മാതൃകരൂപീകരിക്കൽ, രൂപകല്പനചെയ്യൽ, സാമാന്യവത്കരിക്കൽ, നിർമ്മിക്കൽ. |

**Q 1** പേപ്പർ ക്യാരീബാഗ് നിർമ്മിക്കുക.

സമയം : 25 മിനിറ്റ് (25)

(ഓരോ ഫുൾഷീറ്റ് ന്യൂസ്പേപ്പർ, പേപ്പർകട്ടർ, ടാഗ് - 2, ഫെവിക്കോൾ എന്നിവ വിതരണം ചെയ്യണം)

**മൂല്യനിർണയസൂചകങ്ങൾ**

**Q 1** • കൃത്യതയും പൂർണ്ണതയും 5/4/3/2/1
- ഉപകരണങ്ങൾ കൈകാര്യംചെയ്യൽ 5/4/3/2/1
- ആകർഷകത 5/4/3/2/1
- സമയബന്ധിതമായി പൂർത്തീകരിക്കൽ 5/4/3/2/1
- ഉപയോഗയോഗ്യത 5/4/3/2/1